ഈ വർക്ക് ചെയ്യാൻ അനുമതി നൽകിയാൽപ്പോലും ഈ സാമ്പത്തിക വർഷം രണ്ടു ലക്ഷം രൂപയിൽ കൂടുതൽ ചെലവാകാൻ പോകുന്നില്ല. ഭരണാനുമതിയും സാങ്കേതികാനുമതിയും കൊടുക്കുകയും ബഡ്ജറിൽ തുക വക കൊള്ളിക്കുകയും ചെയ്ത വർക്കുകളെങ്കിലും എത്രയും വേഗം ടെൻഡർ ചെയ്യാനുള്ള അനുവാദം നൽകണം. മലബാറിന്റെ മലയോര മേഖലയോട് കഴിഞ്ഞ കാലത്ത് കാണിച്ച അവഗണന ബഹുമാനപ്പെട്ട മലബാറുകാരനായ മന്ത്രിയെങ്കിലും തിരുത്തണം എന്ന് ഞാൻ അപേക്ഷിക്കുന്നു.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടിനഹ) : സർ, ഈ രണ്ടു റോഡുകളും എം. എൽ. എ. റോഡ് സ്കീമിൽപ്പെടാത്തതുകൊണ്ട് അതിന് സ്വാഭാവികമായും മുൻഗണനയില്ലെന്നുള്ള കാര്യം ബഹുമാനപ്പെട്ട മെമ്പർക്കും നമുക്കെല്ലാവർക്കുമറിയാവുന്നതാണ്. ഇവിടെ പറഞ്ഞ റോഡ് 1982-ൽ അനുവാദം നൽകുകയും ഒരു റീച്ച് പൂർത്തിയാക്കുകയും ചെയ്ത സ്ഥിതിക്ക് രണ്ടാമത്തെ റീച്ചിന് അടിയന്തിരമായി അനുവാദം നൽകുന്നുണ്ട്. പാലത്തിന് അനുവാദം നൽകുന്ന കാര്യം പരിശോധിച്ചുവരികയാണ്.

(4) കുന്നുംപുറത്ത് ബേബിയെന്നയാളുടെ വീട്ടിൽ പോലീസ് നടത്തിയ അതിക്രമം

ശ്രീ. എം. ജിനദേവൻ : സർ, എന്റെ നിയോജക മണ്ഡലത്തിലെ നെടുങ്കണ്ടം പോലീസ് സ്റ്റേഷനതിർത്തിയിൽ മേലേ ചിന്നാർ എന്ന സ്ഥലത്ത് താമസക്കാരനായ കുന്നുംപുറത്ത് ബേബി എന്നയാളുടെ വീട്ടിൽ 3-10-1986-ന് അർദ്ധരാത്രി സമയത്ത് മുരിക്കശ്ശേരി പോലീസ്സ്റ്റേഷനിലെ സബ് ഇൻസ്പെക്ടറും രണ്ടു പോലീസുകാരും കടന്ന് ചെന്ന് ബേബിയേയും അദ്ദേഹത്തിന്റെ ഭാര്യയേയും ഒന്നും നാലും വയസ് പ്രായമുള്ള രണ്ട് കുട്ടികളെയും അതിനീചമായി മർദ്ദിക്കുകയുണ്ടായി. ഒരു കേസിലെ പ്രതിയായ പാമ്പാടി ശശി എന്ന ആളിനെ അന്വേഷിച്ചാണ് പോലീസ് അവിടെ ചെന്നതെന്ന് പറയുന്നു. ശശിയുടെ വീടാണെന്ന് തെറ്റിദ്ധരിച്ചാണ് പോലീസ് ഈ വീട്ടിൽ ചെന്നതെന്നാണറിയുന്നത്. ശശിയുടെ പേരു വിളിച്ച് വാതിൽ തുറക്കാനാവശ്യപ്പെട്ടു. ബേബിയാണ് വാതിൽ തുറന്നത്. താൻ ശശി അല്ല ബേബിയാണെന്ന് പറഞ്ഞിട്ടും പോലീസ് അത് വകവയ്ക്കാതെ ബേബിയെ പിടിച്ച് വലിച്ച് പോലീസ് ജീപ്പിൽ കയറ്റിക്കൊണ്ടു പോകാൻ ശ്രമിച്ചു. അതിൽ ഇടപെട്ട അദ്ദേഹത്തിന്റെ ഭാര്യയേയും മർദ്ദിച്ചു. അവരുടെ ഒക്കത്തിരുന്ന കൊച്ചു കുഞ്ഞിനെയും തട്ടിത്തെറിപ്പിച്ചു. അലമുറയിട്ടു കരഞ്ഞ നാലു വയസ്സുള്ള കുട്ടിയേയും തൊഴിച്ചു. ബേബിയേയും ഭാര്യയേയും അതിനേക്രമമായി മർദ്ദിച്ചു. ബേബിയെ വലിച്ചിഴച്ച് പോലീസ് ജീപ്പിലേക്ക് കയറ്റിക്കൊണ്ടുപോകാൻ ശ്രമിച്ചു. നിലവിളി കേട്ട് നാട്ടുകാർ ഓടിയെത്തി. ഇയാളം ശശിയല്ല ബേബിയെന്നു പറഞ്ഞതിന്റെ പേരിൽ തൽക്കാലം വിട്ടു. ഇത് മുരിക്കാശ്ശേരി പോലീസ് അതിർത്തിയല്ല. നെടുങ്കണ്ടം പോലീസ് സ്റ്റേഷനതിർത്തിയിലാണ് മുരിക്കാശ്ശേരി സബ് ഇൻസ്പെക്ടർ പോയത്. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ആശുപത്രയിൽ പോയി ഈ ആളുകളെ കണ്ടതാണ്. ഒരു കുടുംബത്തെ ഒന്നടങ്കം ഇത്രയും നീചമായി മർദ്ദിച്ച സബ് ഇൻസ്പെക്ടറുടെ പേരിൽ നടപടി സ്വീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, മുരിക്കാശ്ശേരി പോലീസ് സ്റ്റേഷനതിർത്തിയിലെ ഒരു കേസിൽ പിടികിട്ടേണ്ടതായ പ്രതി ശശിയെ

LIBRARY ARCHIVES Kerala Legislative Assembly

അന്വേഷിച്ചാണ് പോലീസ് അവിടെ പോയത്. ഈ ബേബി താമസിക്കുന്നത് ശശിയുടെ വീട്ടിലായിരുന്നു. അവിടെ ആരോ ഉണ്ടെന്നുള്ള വിവരം കിട്ടിയതിനെ തുടർന്നാണ് പോലീസ് അവിടെ ചെന്നത്. പോലീസ് അവിടെ ചെന്ന് ശശിയെ വിളിച്ചുനോക്കിയപ്പോൾ വാതിൽ തുറന്ന് ബേബിയാണു വന്നത്. ഐഡന്റിഫൈ ചെയ്യാൻ സാധിക്കാത്തതുകൊണ്ട് സംഭവിച്ചതായിരിക്കാം. ബേബിയെ ശശിയെന്നു കരുതിയായിരിക്കാം പോലീസ് പിന്നിൽക്കൂടി കടന്ന് വാതിൽ ചവിട്ടിപ്പൊളിച്ച് അകത്തുകടന്ന് ബേബിയെ അറസ്റ്റുചെയ്യുകയുണ്ടായിട്ടുള്ളത്. അറസ്റ്റുചെയ്തത് കൊണ്ടുവന്നപ്പോൾ സ്വാഭാവികമായിട്ടും ശരിയല്ലെന്നുള്ള വിവരം നാട്ടുകാരിൽനിന്നും അറിയാൻ സാധിച്ചു. നാട്ടുകാർ തടഞ്ഞു. നാട്ടുകാരും പോലീസുമായിട്ടൽപ്പം സംഘട്ടനമുണ്ടായി. എന്തായാലും ശരി ഇക്കാര്യത്തിൽ പ്രതിയെ പിടിക്കാനുള്ള ആത്മാർത്ഥമായ ഒരു പ്രയത്നം നടത്തുന്നതിന്റെ ഭാഗമാണെങ്കിൽപ്പോലും പോലീസിന്റെ ഈ നടപടി ശരിയായിരുന്നില്ല. അതുകൊണ്ട് അതിനുത്തരവാദികളായവരുടെ പേരിൽ അച്ചടക്കനടപടി സ്വീകരിക്കാൻവേണ്ട നിർദ്ദേശം കൊടുത്തുകഴിഞ്ഞു.

(5) കുന്നമംഗലം സബ് താലൂക്ക്

ശ്രീ. കെ. പി. രാമൻ : സർ, നമ്മുടെ സംസ്ഥാനത്ത് ഒരു സബ് താലൂക്ക് മാത്രമാണുള്ളത്. അത് കുന്നമംഗലം സബ് താലൂക്കാണ്. ബ്രിട്ടീഷ് ഭരണകാലം മുതൽ ഒരു സബ് താലൂക്കായി പ്രവർത്തിക്കുകയാണത്: ഇവിടെ ഒരു ഡെപ്യൂട്ടി തഹശീൽദാരുടെ ആഫീസും ഒരു സെക്കൻറ് ക്ലാസ് മജിസ്ട്രേട്ട് കോടതിയുമുണ്ട്. ജനസംഖ്യ, ലിസ്തീർണ്ണം, ദേരണ സൗകര്യം ഇത്തരം കാര്യങ്ങളും പരിഗണിക്കുമ്പോൾ എന്നേ ഈ സബ് താലൂക്ക് ഒരു താലൂക്കായി മാറേണ്ടതായിരുന്നു. ഇതിനുവേണ്ടി നിരവധി നിവേദനങ്ങളും പ്രക്ഷോഭണങ്ങളും നടത്തിയിട്ടുണ്ട്. കഴിഞ്ഞ കാലത്ത് ഗവൺമെൻറ് ഭാഗത്തുനിന്നും ഇതൊരു താലൂക്കായി ഉയർത്തുന്നതിനുള്ള നീക്കങ്ങളും ആരംഭിച്ചിരുന്നു. ഇതിനുവേണ്ടി മുക്കത്ത് സൗകര്യപ്രദമായ ഒരു കെട്ടിടവും അതിനോടനുബന്ധിച്ചുള്ള ഫർണിച്ചറും വാടക കൂടാതെ നൽകുന്നതിനുവേണ്ടി നാട്ടുകാർ തയ്യാറായി. ഇനിയും ഈ പ്രശ്നം നിയമസഭയിൽ ഉന്നയിക്കുന്നതിനുള്ള ഒരു സാഹചര്യമുണ്ടാക്കാതെ എത്രയുംവേഗം ഈ സബ് താലൂക്ക് ഒരു താലൂക്കായി ഉയർത്തുന്നതിനുവേണ്ടി ഗവൺമെൻറ് സത്വര നടപടി സ്വീകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, അതുപോലെ 43 താലൂക്കുകളുടെ ഡിമാൻറുകളും വന്നിട്ടുണ്ട്. ഈ സഭയിൽത്തന്നെ ഏതാനും താലൂക്കുകൾക്കുവേണ്ടി സബ്മിഷൻ വന്നുകഴിഞ്ഞു. പ്രത്യേകമായി ഒരു മറുപടി പറയാനായിട്ടില്ല. ഈ വിഷയം മൊത്തത്തിൽ ഗവൺമെൻറിന്റെ പരിഗണനയിലാണ്.

(6) വനഭൂമി തട്ടിയെടുക്കുന്നതിന് കള്ളപ്രമാണം ചമയ്ക്കൽ

ശ്രീ. ടി. എസ്. ജോൺ : സർ, പത്തനംതിട്ട ജില്ലയിൽ മല്ലപ്പള്ളി, റാന്നി താലൂക്കിൽ 1500-ൽപ്പരം ഏക്കർ വലിയകാവ് ഫോറസ്റ്റ് ഉണ്ട്. പ്രസ്തുത ഫോറസ്റ്റിന്റെ നാലുവശവും ജണ്ടയിട്ട് വളരെ കാര്യമായി ഗവൺമെൻറ് സംരക്ഷിച്ചുവരുന്ന ഒരു ഫോറസ്റ്റാണ്. അവിടെ മരമില്ലാത്ത സ്ഥലത്ത് വളരെ ഭംഗിയായി ആധുനികരീതിയിൽ മരം വച്ചു പിടിപ്പിച്ചു വരുന്നുണ്ട്. അടുത്ത കാലത്തായി കൃഷ്ണൻനായർ എന്നു പറയുന്ന ഒരു വിരുതൻ

LIBRARY ARCHIVES Kerala Legislative Assembly